ഖുത്ബ
20.7.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# യു.കെ. ജൽസ, അതിഥിസൽക്കാരത്തിന്റെ പ്രസക്തി

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താൽ അടുത്ത ജുമുഅ ദിവസം ഇൻശാ അല്ലാഹ് **ബ്രിട്ടൻ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാ സാലാന** ആരംഭിക്കുകയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഹിജ്റത്ത് ചെയ്ത് ഇവിടെ വന്നതുമുതൽ 24 വർഷമായി യു.കെ. ജൽസ സാലാന അഖില ലോക ജൽസ സാലാനയായി മാറിയിരിക്കുകയാണെന്ന് നമുക്കേവർക്കും അറിയാം. ഞാനിതിനു മുമ്പേയും പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്, ഖിലാഫത്ത് ഇവിടെ നിലനില്ക്കുവോളം ഈ ജൽസ സാലാനയും അഖിലലോക ജൽസയായി നിലകൊള്ളുന്നതായിരിക്കും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇവിടെ വന്നതിനുശേഷം ആദ്യത്തെ ജൽസ സാലാനയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ രാജ്യത്തെ ജമാഅത്തിന്റെ വ്യവസ്ഥിതിയനുസരിച്ച് പരിശീലനം നല്കുന്നതിനും ജമാഅത്തിന്റെ പാരമ്പര്യം ശരിയായ നിലയിൽ പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും ജൽസയുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളുടെ പ്രവർത്തനം ശരിയായ നിലയിൽ നടത്തുന്നതിനും പല ഘട്ടങ്ങളിലും നിർദ്ദേശങ്ങൾ കൊടുക്കുകയും നേരിട്ട് കാര്യങ്ങൾ നോക്കിനടത്തുകയും ചെയ്തതിനോടൊപ്പം വർഷങ്ങളായി ജൽസയ്ക്കുവേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുകയും ജമാഅത്തിന്റെ പാരമ്പര്യം നല്ലവണ്ണം മനസ്സിലാക്കുകയും ചെയ്ത പരിചയസമ്പന്നരായ പഴയ ഉദ്യോഗസ്ഥന്മാരെ റബ്വ കേന്ദ്രത്തിൽനിന്ന് വിളിച്ചുവരുത്തുകയും അവരുമായി കൂടിയാലോചിച്ച് കാര്യങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തിരുന്നു. എന്തായാലും കുറച്ചുവർഷംകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ യിലെ ജമാഅത്ത് ഇക്കാര്യത്തിൽ പരിചയസമ്പന്നരായിത്തീർന്നിട്ടുണ്ട്. എത്രത്തോളമെന്നാൽ, ലക്ഷക്കണക്കിന് അതിഥികൾ വന്നാലും പരിഭ്രമമൊന്നും കൂടാതേയും പോരായ്മകളൊന്നുമില്ലാതേയും ഇവർക്ക് ജൽസയുടെ ഏർപ്പാടുകൾ ദൈവാനുഗ്രഹത്താൽ നല്ലനിലയിൽ നടത്താൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

ചിലപ്പോൾ ഞാൻ ഇങ്ങനേയും ചിന്തിക്കാറുണ്ട്: പാക്കിസ്ഥാനിലെ ഇപ്പോഴത്തെ അവസ്ഥകളൊക്കെ മാറി ജൽസ സാലാന ഇൻശാഅല്ലാഹ് വീണ്ടും അവിടെ നടക്കുന്നതാണ്. അപ്പോൾ 1983–ൽ നടന്ന അവസാനത്തെ ജൽസയിൽ സജീവമായിരുന്ന ഒരുപാട് ഉദ്യോഗസ്ഥന്മാർക്ക് പ്രായാധിക്യം കാരണത്താൽ ശരിയായ നിലയിൽ പ്രവർത്തിക്കാൻ കഴിയുകയില്ല. എന്നല്ല, ചിലർ മരിച്ചുപോയിട്ടുമുണ്ട്. പുതിയ തലമുറയാണെങ്കിൽ ദീർഘകാലമായി ജൽസ നടക്കാത്ത കാരണത്താൽ ഡ്യൂട്ടികൾ ചെയ്ത് ശീലമില്ലാത്തവരുമാണ്. ഇത്തരം സാഹചര്യത്തിൽ ജൽസയുടെ പ്രവർത്തനങ്ങൾ എങ്ങനെ നടക്കുമെന്നുള്ള ചിന്ത സ്വാഭാവികമാണ്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനോടുള്ള അല്ലാഹുവിന്റെ പെരുമാറ്റവും അഹ്മദികളുടെ ആത്മാർപ്പണബോധവും ഈമാന്റെ ആവേശവും കാണുമ്പോൾ ഇൻശാ അല്ലാഹ് അല്ലാഹുതന്നെ ഈ ആശങ്ക അകറ്റുന്നതിനുള്ള സാഹചര്യമൊരുക്കുമെന്ന് സമാധാനിക്കാം.

നിങ്ങളെല്ലാവരോടും പ്രത്യേകിച്ച് പാക്കിസ്ഥാനിൽ വസിക്കുന്ന അഹ്മദികളോട് പ്രാർത്ഥനയ്ക്കായി ഞാൻ അപേക്ഷിക്കുകയാണ്. അല്ലാഹു പാക്കിസ്ഥാനിലും ജൽസ സംഘടിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കുമാറാകട്ടെ. ജൽസ നടത്താനുള്ള തടസ്സങ്ങളെല്ലാം അകലുമാറാകട്ടെ. മാനുഷികമായ ബലഹീനതകൊണ്ടാണ് നാം ആശങ്കപ്പെടുന്നത്. ഇതും അല്ലാഹു അകറ്റുമാറാകട്ടെ. പ്രാർത്ഥനയ്ക്കുവേണ്ടി പറയണമെന്ന് പെട്ടെന്ന് തോന്നിയതുകൊണ്ടാണ് ഞാനിത് ഇടയ്ക്ക് പറഞ്ഞത്.

ജൽസ സാലാനയ്ക്ക് മുമ്പേയുള്ള വെള്ളിയാഴ്ചത്തെ ഖുത്ബയാണിത്. ഇതിൽ പൊതുവെ ഉദ്യോഗസ്ഥന്മാർക്ക് അവരുടെ ചുമതലകളെക്കുറിച്ച് പറഞ്ഞുകൊടുക്കുകയാണ് പതിവ്. ഞാൻ പറഞ്ഞതുപോലെ ദൈവാനുഗ്രഹത്താൽ ഇപ്പോൾ യു.കെ. ജമാഅത്തിന്റെ ജൽസ സാലാനയുടെ കുട്ടികളും സ്ത്രീകളും വൃദ്ധരും യുവാക്കളുമൊക്കെയടങ്ങുന്ന ഉദ്യോഗസ്ഥന്മാരെല്ലാവരും തങ്ങളുടെ പ്രവൃത്തികൾ നല്ലവണ്ണം മനസ്സിലാക്കുന്നവരാണ്. വളരെ നല്ലനിലയിൽ തങ്ങളുടെ ചുമതലകൾ നിർവഹിക്കാൻ കഴിവുള്ളവരാണ്. എങ്കിലും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുക എന്ന കല്പനയുള്ളത് കൊണ്ട് പഴയ ഉദ്യോഗസ്ഥന്മാരും പുതിയതായി രംഗത്തേക്ക് വരുന്ന ഉദ്യോഗസ്ഥന്മാരും തങ്ങളെ മാനസികമായി തയ്യാറാക്കുന്നതിനും തങ്ങളിൽനിന്ന് എല്ലാത്തരം ബലഹീനതയും അകറ്റാൻ ശ്രമിക്കുന്നതിനും വേണ്ടി ചില കാര്യങ്ങൾ പറയുകയാണ്. ഇതുമുഖേന ആതിഥേയത്വം സംബന്ധിച്ച് നബി(സ) യുടെ മാതൃകയും

സജീവമാകും. കൂടാതെ നബി(സ)യുടെ സത്യസന്ധനായ പ്രേമി ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യമാനനെ പിൻപറ്റിക്കൊണ്ട് കാഴ്ചവച്ച മാതൃകയും നമ്മുടെ മുമ്പിൽ വരുന്നതായിരിക്കും. അതിലൂടേയും നമുക്ക് മാർഗ്ഗദർശനം ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. അതിനാലാണ് നിങ്ങളെ ഇക്കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നത്.

അതിഥികളെ സൽക്കരിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു വിശുദ്ധഖുർആനിലും പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് ഇബ്റാഹീം നബി(അ) തന്റെ അതിഥികൾക്ക് ആതിഥ്യമരുളിയതിനെ സംബന്ധിച്ച് പറയുന്നു.

وَلَقَدْ جَآءَتْ رُسُلُنَآ اِبْرٰهِيْمَ بِالْبُشْرٰى قَالُوْا سَلٰمًا ؕ قَالَ سَلٰمٌ فَمَا لَبِثَ اَنْ جَآءَ بِعِجْلٍ حَنِيْذٍ ۝٧٠

നമ്മുടെ ദൂതന്മാർ ഇബ്റാഹീമിന്റെയടുക്കൽ സുവിശേഷവുമായി വന്നു. അവർ സലാം പറഞ്ഞു. അദ്ദേഹവും സലാം പറഞ്ഞു. അപ്പോൾ അധികം താമസിയാതെ അവരുടെയടുക്കൽ പൊരിച്ച് പാകപ്പെടുത്തിയ ഒരു കാളക്കിടാവിനെ അദ്ദേഹം കൊണ്ടുവന്നു(11:70).

ഇതാണ് അതിഥിസൽക്കാരം. അല്ലാതെ അതിഥി വന്നതോടെ എന്തോ മുസീബത്ത് വന്നിരിക്കുന്നുവെന്ന് തോന്നുംവിധം പ്രവർത്തിക്കലല്ല. അതിഥികൾ അറിയാത്തവിധം അവരുടെ സൽക്കാരത്തിനുള്ള ഒരുക്കങ്ങൾ നടത്തേണ്ടതാണ്. ഏറ്റവും നല്ല ഭക്ഷണവും ഏറ്റവും നല്ല സൗകര്യവും അതിഥികൾക്ക് സമർപ്പിക്കേണ്ടതാണ്. എത്രമാത്രം നല്ലനിലയിൽ താമസസൗകര്യം ചെയ്തുകൊടുക്കാൻ കഴിയുമോ അതിഥികൾക്ക് ചെയ്തുകൊടുക്കേണ്ടതാണ്. ഈ വചനത്തിൽനിന്ന് ഒന്നോ രണ്ടോ അതിഥികൾ വന്നാൽ ആവശ്യത്തിലധികം ഭക്ഷണം തയ്യാറാക്കാം എന്നു കരുതരുത്. കാളക്കുട്ടിയെ അറുക്കാതെ ആതിഥ്യം ശരിയാകുകയില്ല എന്നും ധരിക്കരുത്. കൂടുതൽ ചെലവഴിക്കേണ്ടതാണ് എന്നും വിചാരിക്കരുത്. അക്കാലത്ത് അവർ കന്നുകാലികളെ പോറ്റിവളർത്തുന്നവരായിരുന്നു. ചന്തയിൽ പോകാനും എന്തെങ്കിലുമൊക്കെ സാധനങ്ങൾ വാങ്ങിവരാനും അന്ന് ചന്തകളൊന്നും നിലവിലുണ്ടായിരുന്നില്ല. അവർക്കുണ്ടായിരുന്നത് കന്നുകാലികളാണ്. അതുമാത്രമേ അപ്പോൾ പെട്ടെന്ന് അവർക്ക് കിട്ടുമായിരുന്നുള്ളൂ.

ഭക്ഷണം കഴിക്കുമോയെന്ന് അതിഥികളോട് ചോദിക്കാതെ അതിഥിസൽക്കാരത്തിനുള്ള ഏർപ്പാട് ചെയ്യുക എന്നതാണ് വസ്തുത. നബി(സ) തിരുമേനി അതിഥികൾക്ക് പാല് കൊടുത്ത് സ്വീകരിച്ച ജീവിത മാതൃക നമ്മുടെ മുമ്പിലുണ്ട്. കാരയ്ക്ക കിട്ടിയാൽ അതും കൊടുത്തിരുന്നു. മാംസമോ മറ്റു വല്ല ഭക്ഷണസാധനമോ ലഭിച്ചാൽ അതും അതിഥികൾക്ക് കൊടുത്തു. അല്ലാഹു കല്പിച്ച യഥാർത്ഥ ഇസ്ലാമികരീതി എന്നു പറയുന്നത് സന്തോഷത്തോടെ ആതിഥ്യം നല്കുക എന്നതാണ്. തന്റെ വരവ് ആതിഥേയന് ഭാരമായിത്തീർന്നു എന്നുള്ള തോന്നൽ അതിഥിക്കുണ്ടാകാൻ ഇട നൽകരുത്. ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ അതിഥികൾക്ക് തോന്നിയത്, ഭക്ഷണത്തിലേക്ക് തങ്ങളുടെ കൈകൾ കൊണ്ടുപോകാത്തത് കാരണം ഇബ്റാഹീമിന് വിഷമം ഉണ്ടാകുന്നുണ്ട് എന്നാണ്. അത് എന്തുകൊണ്ടായിരുന്നുവെന്ന് പിന്നീട് അവർ, തങ്ങൾ ലൂത്തിന്റെ അടുത്തേക്ക് പോകുകയാണെന്ന് പറഞ്ഞ് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഈ ഇസ്ലാമിക സ്വഭാവം ഓരോ മുസ്ലിമും സ്വായത്തമാക്കേണ്ടത് നിർബന്ധമാണ്. വിവിധ രീതിയിൽ മറ്റു സ്ഥലങ്ങളിലും അല്ലാഹു ഖുർആനിൽ ഇത് സംബന്ധിച്ച് വിവരിച്ചിരിക്കുന്നു. ഈ പാഠം ഓരോ അഹ്മദിയും പ്രത്യേകമായ നിലയിൽ ഓർമ്മ വയ്ക്കേണ്ടതാണ്. ഇങ്ങനെ നോക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളായി വരുന്നവരെ എത്രത്തോളം നാം ഗൗനിക്കേണ്ടതാണെന്ന ബോധം നമുക്കുണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത ഓരോ അഹ്മദിക്കും ഇക്കാര്യത്തെ സംബന്ധിച്ച് സ്വയം വിലയിരുത്താൻ കഴിയും.

ആരോടാണോ നമുക്ക് സ്നേഹമുള്ളത് അദ്ദേഹവുമായി ബന്ധം വയ്ക്കുന്നവർ സകലവസ്തുക്കളേക്കാളും നമുക്ക് പ്രിയപ്പെട്ടവരായിരിക്കും. അതുകൊണ്ട് നമുക്ക് പ്രിയപ്പെട്ടയാളുടെ അതിഥികളാണ് വരുന്നത്. അവർ നമുക്ക് ഏറ്റവും പ്രിയപ്പെട്ടവരാണ് എന്ന് എപ്പോഴും നാം ഓർക്കണം. നാം ഈ ഉദ്ദേശ്യത്തോടുകൂടി അവരെ സേവിക്കേണ്ടതാണ്. ഈ വികാരത്തോടെ ഓരോ ഉദ്യോഗസ്ഥന്മാരും അതിഥികളെ സേവിക്കുകയാണെങ്കിൽ ആ സേവനത്തിന്റെ രുചിതന്നെ ഒന്നു വേറെയായിരിക്കും; അത് നിങ്ങളുടെ കുടുംബത്തിൽപ്പെട്ട അതിഥികളായാലും വേണ്ടില്ല അല്ലെങ്കിൽ ജമാഅത്തിന്റെ ഏർപ്പാടനുസരിച്ച് ജൽസയിൽ പങ്കെടുക്കാൻ വരുന്ന അതിഥികളായിരുന്നാലും വേണ്ടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ജൽസ സാലാനയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി സേവനം ചെയ്യാൻ ആരെയൊക്കെയാണോ ചുമതലപ്പെടുത്തിയിട്ടുള്ളത് അവരൊക്കെ പരമാവധി അത് നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്.

പാക്കിസ്ഥാനിൽനിന്ന് ആദ്യമായി വിദേശത്തു വന്ന ചിലർ എന്നെ കാണുകയുണ്ടായി. അവർക്ക്

ഇവിടെ ബന്ധുക്കളാരുമില്ല. ജൽസ സാലാനയിൽ പങ്കെടുക്കാനും ഖലീഫയുമായി കൂടിക്കാഴ്ച നടത്താനും വേണ്ടിമാത്രമാണ് അവർ ഇവിടെ വന്നിട്ടുള്ളത്. ഭാഷയും അവർക്ക് പ്രശ്നമാണ്. ഗ്രാമീണ ചുറ്റുപാടിൽ കഴിയുന്ന സാധാരണക്കാരാണ് അവരിൽ പലരും. പക്ഷേ, ആത്മാർത്ഥതയുള്ളവരാണ്. അവരെ സേവിക്കുന്നതിൽ ഒരു കുറവും ഒരുദ്യോഗസ്ഥനും വരുത്താൻ പാടില്ല. ഞാൻ പറഞ്ഞതുപോലെ ഇതുതന്നെയാണ് നബിമാരുടെ നടപടിക്രമം. ഇതുതന്നെയാണ് ഇസ്‌ലാമികരീതി. നബിതിരുമേനി(സ)യുടെ ജീവിതമാതൃകയും ഇതുതന്നെ. ദൈവികജമാഅത്തിൽ ചേർന്നിരിക്കുന്നു എന്നു വാദിക്കുന്നവർ തങ്ങളുടെ സ്വഭാവത്തിന്റെ മാതൃക കാണിക്കുന്നതും ഇങ്ങനെതന്നെയാണ്. അഹ്ദമികളായ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ബയ്അത്ത് ചെയ്തതിനുശേഷം ഏറ്റവുമധികം നബി(സ)യുടെ മാതൃകയനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. അങ്ങനെയാണ് വേണ്ടത്. ഒന്നാമതായി നമ്മളിൽനിന്നാണ് ഈ സ്വഭാവം പ്രകടമാകേണ്ടത്.

നബി(സ) തിരുമേനി, അതിഥികളെ ആദരിക്കുന്നത് വിശ്വാസത്തിന്റെ ലക്ഷണമാണെന്ന് ഒരിടത്ത് പറഞ്ഞിട്ടുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: നബി(സ) പറഞ്ഞു: ആരാണോ അല്ലാഹുവിലും പുനരുത്ഥാന നാളിലും വിശ്വസിക്കുന്നത് അവൻ നല്ല കാര്യം പറയുകയോ മൗനം പാലിക്കുകയോ ചെയ്തുകൊള്ളട്ടെ. ആരാണോ അല്ലാഹുവിലും പുനരുത്ഥാനനാളിലും വിശ്വസിക്കുന്നത് അവൻ അവന്റെ അയൽവാസിയെ ആദരിക്കേണ്ടതാണ്. ആരാണോ അല്ലാഹുവിലും പുനരുത്ഥാനനാളിലും വിശ്വസിക്കുന്നത് അവൻ തന്റെ അതിഥിയെ ആദരിക്കേണ്ടതാണ്. അതിഥിയെ ആദരിക്കൽ തനിക്കിഷ്ടപ്പെട്ടവരുമായോ തന്റെ കുടുംബാംഗങ്ങളുമായോ അടുത്തയാളുകളുമായോ മാത്രം ബന്ധപ്പെട്ടതല്ല. നേരെമറിച്ച് ഓരോ അതിഥിക്കും- അവന്റെ ജാതിയോ മതമോ ബന്ധുത്വമോ ഒന്നും നോക്കാതെ- സൽക്കാരം നല്കാനാണ് നബി (സ) കല്പിച്ചത്. അല്ലാഹു വിശുദ്ധഖുർആനിൽ യാത്രക്കാരുടെ അവകാശത്തെക്കുറിച്ച് പറഞ്ഞപ്പോഴും അതിഥിസൽക്കാരത്തെക്കുറിച്ച് പറയുന്നുണ്ട്. നബി(സ) തിരുമേനിയുടെ നടപടിക്രമം എന്തായിരുന്നു? ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. അവിശ്വാസിയായ ഒരാൾ നബി(സ) തിരുമേനിയുടെ അതിഥിയായിവന്നു. ഹദ്റത്ത് റസൂലുല്ലാഹി(സ) ഒരാടിനെ കറന്ന് പാൽ കൊണ്ടുവരാൻ കല്പിച്ചു. അതയാൾക്ക് കൊടുത്തു. അയാളത് കുടിച്ചു. അങ്ങനെ ഏഴ് ആടുകളുടെ പാൽ അയാൾ കുടിച്ചുതീർത്തു. അടുത്തദിവസം അയാൾ ഇസ്‌ലാം സ്വീകരിച്ചു. അപ്പോഴും നബി(സ) അയാൾക്കുവേണ്ടി ഒരു ആടിനെ കറന്ന് പാൽ കൊണ്ടുവരാൻ പറഞ്ഞു. അയാളത് കുടിച്ചു. രണ്ടാമത്തെ ആടിനെ കറന്ന് പാൽ കൊണ്ടുവന്നപ്പോൾ അത് മുഴുവനും കുടിക്കാൻ അയാൾക്ക് കഴിഞ്ഞില്ല. അപ്പോൾ നബി(സ) പറഞ്ഞു: "സത്യവിശ്വാസി ഒരു വയറുകൊണ്ടാണ് തിന്നുന്നത്; സത്യനിഷേധി ഏഴ് വയറുകൊണ്ടും."

കഴിക്കുന്നതിനുള്ള ഉദാഹരണം മാത്രമാണ് നാമിങ്ങനെ പറയുന്നത്. പക്ഷേ, അതിഥി സൽക്കാരം അതിഥിക്ക് തിന്നാവുന്നത്ര നല്കുക എന്നാണ്. ബുദ്ധിമുട്ടൊന്നും പ്രകടിപ്പിക്കാതെയായിരിക്കണം അത്. നബി(സ) ഒരു ഭാവഭേദവും കൂടാതെ ഒരാടിനെ കറന്ന് പാൽ കൊണ്ടുവന്നു. അങ്ങനെ ഏഴ് ആടിനെ കറന്നെടുത്ത പാൽ അതിഥിക്ക് കൊടുത്തു. അതിഥിക്ക് നാണക്കേടുണ്ടാക്കുന്നതോ വെറുപ്പുണ്ടാക്കുന്നതോ ആയ ഒരു ബുദ്ധിമുട്ടും പ്രകടിപ്പിച്ചില്ല. താൽക്കാലികമായ അതിഥി സൽക്കാരം മാത്രമല്ല സ്ഥിരമായ അതിഥിസൽക്കാരവും നബി(സ) നടത്തിയിരുന്നു. നബി(സ)യുടെ അതിഥിസൽക്കാരത്തിൽനിന്ന് ദിവസങ്ങളോളം, മാസങ്ങളോളം ഫലമെടുത്ത അതിഥികളുമുണ്ടായിട്ടുണ്ട്. പക്ഷേ, ഒരു അഭിനയവും അതിലുണ്ടായിരുന്നില്ല. അല്ലാഹു നബി(സ)യെക്കൊണ്ട് ഇങ്ങനെ വിളംബരം ചെയ്യിച്ചു. ***വമാഅന മിനൽ മുതകല്ലിഫീൻ*** ഞാൻ അഭിനയിക്കുന്നതിൽ പെട്ടവനല്ല (38:87). എന്തൊന്നാണോ കിട്ടിയിരുന്നത് അത് അതിഥികൾക്ക് നബി(സ) കൊടുക്കുമായിരുന്നു. നല്ലരീതിയിൽ ചെയ്തുകൊടുക്കാൻ കഴിയുന്നതൊക്കെ അവർക്ക് ചെയ്തുകൊടുത്തിരുന്നു.

ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്‌വദ്(റ) നിവേദനം ചെയ്യുന്നു. ഞാനും എന്റെ രണ്ടു കൂട്ടുകാരും- അവരുടെ കഠിനാധ്വാനം അവരുടെ ഗ്രഹണശക്തിയേയും കാഴ്ചശക്തിയേയും ബാധിച്ചിരുന്നു- നബി(സ)യുടെ സഹാബിമാരുടെയടുക്കൽ വന്നു. എന്നാൽ, അവരിലാരും ഞങ്ങളെ ശ്രദ്ധിച്ചില്ല. പിന്നീട് ഞങ്ങൾ നബി(സ)യുടെ സന്നിധിയിൽ ഹാജരായി. നബി(സ) ഞങ്ങളെ വീട്ടിൽ കൊണ്ടുപോയി. അവിടെ മൂന്ന് ആടുകളുണ്ടായിരുന്നു. അവയുടെ പാൽ കറന്നെടുക്കാൻ നബി(സ) ഞങ്ങളോട് പറഞ്ഞു. ഞങ്ങളോരോരുത്തരും ഞങ്ങളുടെ ഓഹരി കുടിച്ചതിനുശേഷം നബി(സ)യുടെ ഓഹരി ആമഹാത്മാവിന്റെയടുക്കൽ കൊണ്ടുകൊടുത്തിരുന്നു. നബി(സ) രാത്രി ഞങ്ങളുടെയടുക്കൽ വരും. സലാം പറയും. ഉറങ്ങുന്നയാൾക്ക് ശല്യമുണ്ടാകാത്തവിധമായിരിക്കും നബി(സ) സലാം പറയുക. ഉണർന്നിരിക്കുന്നവർ മാത്രമേ അത് കേൾക്കാറുണ്ടായിരുന്നുള്ളൂ. അതുകഴിഞ്ഞ് നബി(സ) പള്ളിയിലേക്ക് പോകും. സുബ്ഹി നമസ്കരിക്കും. പിന്നീട് നബി(സ)ന് കുടി

ക്കാനായി ഞങ്ങൾ പാൽ കൊണ്ടുപോകും. നബി (സ) നഫ്ൽ നമസ്കരിച്ചുകഴിഞ്ഞാൽ അത് കുടിക്കും. ആ അതിഥികളോട് നബി(സ) പറഞ്ഞത്, നിങ്ങളെന്റെ ദീർഘകാലാതിഥികളാണെന്നും മടിയൊന്നും കൂടാതെ ഈ ആടുകളുടെ പാൽ കറന്ന് കുടിച്ചുകൊള്ളുക എന്നുമായിരുന്നു.

ഞാൻ പറഞ്ഞതുപോലെ ആ മഹാത്മാവിന്റെ അതിഥിസൽക്കാരത്തിൽ ഒരു കൃത്രിമവുമുണ്ടായിരുന്നില്ല. എന്തൊന്നാണോ കൈവശമുണ്ടായിരുന്നത് അതുകൊണ്ട് അതിഥിസൽക്കാരം നടത്തും. ഹദ്റത്ത് മുഗീറ(റ) പറയുന്നു. "ഒരിക്കൽ നബി(സ) ആടിന്റെ കൈപ്പലക മുറിച്ചുതിന്നുകയായിരുന്നു. പിന്നീട് എനിക്കതിൽനിന്ന് മുറിച്ചുതരികയും ഞാനും അത് തിന്നുകയും ചെയ്തു." നബി(സ) ഭക്ഷണം കഴിക്കുമ്പോൾ ആരെങ്കിലും കാണാൻ വന്നാൽ അവരേയും ഭക്ഷണത്തിനായി ക്ഷണിക്കുമായിരുന്നു.

മക്കാവിജയമുണ്ടായ അവസരത്തിൽ വലിയ വലിയ സംഘങ്ങൾ നബിയുടെയടുക്കൽ വരാൻ തുടങ്ങി. നബി സ്വയം അവരെ സ്വാഗതം ചെയ്യുകയും അവരെ ആദരിക്കുകയും അവർക്കുവേണ്ടി ഭക്ഷണത്തിനും താമസത്തിനുമുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്തു. വിവിധ സ്വഹാബിമാർക്ക് അതിഥികളെ വീതിച്ചുകൊടുക്കുകയും ചെയ്തിരുന്നു. പിന്നീട് അതിഥികളോട് നിങ്ങളുടെ സഹോദരന്മാർ നിങ്ങളോട് ആതിഥ്യമര്യാദ കാണിച്ചുവോയെന്ന് നബി(സ) ചോദിക്കാറുണ്ടായിരുന്നു.

ഇതായിരുന്നു നബി(സ)യുടെ അതിഥികളോടുള്ള പെരുമാറ്റരീതി. ആ മഹാത്മാവ് ഏതെങ്കിലും അതിഥി വന്നാൽ, എന്തെങ്കിലും ഭക്ഷണമുണ്ടോയെന്ന് ആദ്യം അന്വേഷിക്കുന്നത് സ്വന്തം വീട്ടിലായിരുന്നു. ആ അതിഥിക്ക് നല്ലനിലയിൽ ആതിഥ്യം നൽകാൻ സാധിക്കുമോ എന്ന് തിരക്കുമായിരുന്നു. ഒന്നും ഇല്ലായെന്ന് കണ്ടാൽ മാത്രമേ ആ അതിഥിയെ ആരാണ് വീട്ടിലേക്കു കൊണ്ടുപോകുന്നതെന്ന് സ്വഹാബിമാരോട് ചോദിക്കുകയുള്ളൂ. ഇത്തരമൊരു സംഭവമുണ്ട്.

ഒരു അതിഥി വന്നു. നബി(സ) വീട്ടിലെ അവസ്ഥ ചോദിച്ചറിഞ്ഞു. അവിടെ ഭക്ഷണമൊന്നുമുണ്ടായിരുന്നില്ല. അപ്പോൾ ആ അതിഥിയെ താൻ കൊണ്ടുപോയ്ക്കൊള്ളാമെന്ന് ഒരു അൻസാരി സ്വഹാബി പറഞ്ഞു. ഈ സംഭവത്തിലും അതിഥിക്കുവേണ്ടി ചെയ്ത ത്യാഗത്തിന്റേയും അവരോടുള്ള ആദരവിന്റേയും അത്ഭുതകരമായൊരു മിന്നലാട്ടം കാണാം. അങ്ങനെ അദ്ദേഹം തന്റെ അതിഥിയേയും കൂട്ടി വീട്ടിലെത്തി. നബി(സ)യുടെ അതിഥിക്കായി ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്യാൻ ഭാര്യയോട് പറഞ്ഞു. കുട്ടികൾക്കുള്ള ഭക്ഷണത്തിന്റെ സാധനമല്ലാതെ ഒന്നുമില്ലെന്ന് ഭാര്യ അറിയിച്ചു. ഭക്ഷണം തയ്യാറാക്കാനും കുട്ടികളെ എന്തെങ്കിലും പറഞ്ഞ് ഉറക്കാനും അദ്ദേഹം പറഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ ഭാര്യ ഭക്ഷണം തയ്യാറാക്കി. കുട്ടികൾക്ക് ഒന്നും നൽകാതെ ഉറക്കുകയും ചെയ്തു. പിന്നീട് വിളക്കിന്റെ തിരി നീട്ടാൻ പോകുന്നുവെന്ന് തോന്നുംവിധം എഴുന്നേറ്റ് അതണച്ചു. അതുകഴിഞ്ഞ് അവർ രണ്ടുപേരും ഇരുട്ടത്ത് അതിഥിയോടൊപ്പം ഭക്ഷണം കഴിക്കാൻ ഇരുന്നു. ഭക്ഷണം കഴിക്കുന്നുണ്ടെന്ന് തോന്നുംവിധം ഭാര്യയും ഭർത്താവും ചവയ്ക്കുന്ന ശബ്ദമുണ്ടാക്കി. അതിഥി വയറുനിറച്ച് ഭക്ഷണം കഴിക്കാൻ വേണ്ടിയായിരുന്നു അങ്ങനെ ചെയ്തത്. അതിഥി വയറുനിറയെ ഭക്ഷണം കഴിക്കുകയും ആതിഥേയർ വിശപ്പോടെ ഉറങ്ങുകയും ചെയ്തു. രാവിലെ ഈ അൻസാരി സ്വഹാബി നബിയുടെയടുക്കൽ വന്നപ്പോൾ നബി(സ) പറഞ്ഞു: "ഇന്നലെ രാത്രിയിലെ നിങ്ങളുടെ പ്രവർത്തികണ്ട് അല്ലാഹുവും ചിരിച്ചുപോയി." അപ്പോൾ ഈ ഖുർആനിക വചനമിറങ്ങി. 'അവർ സ്വയം ആവശ്യക്കാരായിരിക്കെ തങ്ങളേക്കാൾ മറ്റുള്ളവർക്ക് മുൻഗണന നല്കുന്നു. സ്വയേച്ഛയുടെ പിശുക്കിൽനിന്ന് രക്ഷിക്കപ്പെട്ടവർ തന്നെയാണ് വിജയം കരസ്ഥമാക്കുന്നവർ.'

നോക്കുക, അല്ലാഹുവിന്റെ ദൃഷ്ടിയിൽ അതിഥിസൽക്കാരത്തിന് എത്രമാത്രം പ്രാധാന്യമുണ്ട്. ആ അൻസാരിസ്വഹാബിയുടെ വേറിട്ട ആതിഥ്യം കാരണത്താൽ അല്ലാഹു അർശിൽ സന്തോഷിക്കുകയായിരുന്നു. അതിനെക്കുറിച്ചുള്ള വിവരം അല്ലാഹു നബി(സ)ക്ക് നൽകി. അതായത് ഏ, മുഹമ്മദ്(സ)! ഏതെല്ലാം രീതിയിൽ ത്യാഗത്തിന് സന്നദ്ധരായിട്ടുള്ളവരെയാണ് ഞാൻ നിനക്ക് നൽകിയിട്ടുള്ളത്? അവർ മറ്റുള്ളവർക്കുവേണ്ടി എങ്ങനെയാണ് ത്യാഗം ചെയ്യുന്നത്?

നബി(സ) ഒരവസരത്തിൽ പറഞ്ഞു: നിന്റെ അതിഥിക്ക് നിന്നിൽ അവകാശമുണ്ട്. അതിഥിയുടെ അവകാശത്തെ എപ്പോഴും നാം മുന്നിൽ കാണേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ക്ഷണം സ്വീകരിച്ച് ആത്മീയ ഭക്ഷണത്തളിക കരസ്ഥമാക്കാനാണ് അതിഥികൾ ഇവടെ വരുന്നത്. പാക്കിസ്ഥാനിൽ ജൽസയുടെമേൽ നിയന്ത്രണമേർപ്പെടുത്തിയിരിക്കുകയാണ്. ഭൗതിക ഭരണകൂടം നമ്മെ മഹത്തായ ഒരനുഗ്രഹത്തിൽനിന്ന് തടഞ്ഞിരിക്കുകയാണ്. അതുകൊണ്ട് എവിടെനിന്നാണോ ഈ അനുഗ്രഹം ലഭിക്കുന്നത് അത് തേടിക്കൊണ്ടാണ് പണം ചെലവഴിച്ച് ദൂരെ ദൂരെനിന്ന് അവർ ഇവിടെ എത്തുന്നത്. അങ്ങനെതന്നെയാണ് വേണ്ടതും. എന്തെല്ലാം ബുദ്ധിമുട്ടുകൾ സഹിച്ചാലും ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ദുആയിൽ ഭാഗഭാക്കാകാൻ വരേണ്ടതാണ്. ഞാൻ

പറഞ്ഞതുപോലെ നിഷ്കളങ്കരായ പലരും ഇവിടെ വരുന്നു. ഭൗതികമായ നേട്ടമുണ്ടാക്കാനല്ല അവർ ഇവിടെ വരുന്നത്. അവരുടെ ബന്ധുക്കളാരും ഇവിടെയില്ല. വ്യക്തിപരമായൊരു നേട്ടവും അവർ ആഗ്രഹിക്കുന്നില്ല. ജൽസയിൽ പങ്കെടുക്കാൻ വേണ്ടി മാത്രം കുറച്ചു ദിവസത്തിനായി വരുന്നവരാണവർ. ജൽസയ്ക്കുശേഷം അവർ തിരിച്ചുപോകും. അവരിൽ ചില സ്ത്രീകളും പുരുഷന്മാരും എന്നെ കണ്ടിരുന്നു. കഴിഞ്ഞ കുറേവർഷമായി വിസക്കുവേണ്ടി ശ്രമിക്കുകയായിരുന്നുവെന്നും പക്ഷേ കിട്ടിയില്ലെന്നും ഇപ്രാവശ്യം അല്ലാഹു അനുഗ്രഹിച്ചുവെന്നും അങ്ങനെയാണ് ഇവിടെ എത്തിയതെന്നും അവർ പറഞ്ഞു. അവർ വന്നുകാണുമ്പോൾ അങ്ങേയറ്റം വികാരനിർഭരമായ അവസ്ഥയാണുണ്ടാകുന്നത്. ചിലർ കരഞ്ഞുകൊണ്ട് ഏങ്ങുന്നു. അങ്ങേയറ്റം ആത്മാർത്ഥതയുടേയും കൂറിന്റേയും പ്രകടമാണ് കാണുന്നത്.

അവരാണ് അല്ലാഹുവിനുവേണ്ടി ഇവിടെ എത്തുന്ന അതിഥികൾ. അവരെ സൽക്കരിക്കുമ്പോൾ തീർച്ചയായും അല്ലാഹു സന്തോഷിക്കും. അതുകൊണ്ട് ജൽസ ഉദ്യോഗസ്ഥന്മാർ അല്ലാഹു അവർക്ക് പ്രതിഫലം നൽകാനുള്ള അവസരം നൽകിയിരിക്കുന്നുവെന്നോർത്ത് സന്തോഷിക്കേണ്ടതാണ്. പ്രതിഫലം പറ്റാനുള്ള ഏറ്റവും നല്ല അവസരമാണിത്. ഇതിനെ നമ്മൾ പ്രയോജനപ്പെടുത്തേണ്ടതാണ്. ഒരു അതിഥിയേയും അവരുടെ ബാഹ്യമായ നില കണ്ടുകൊണ്ടാകരുത് ആദരിക്കുന്നത്. ആരുടേയും ലാളിത്യവും നോക്കരുത്. മറിച്ച്, ജൽസ കേൾക്കാൻ വന്നിരിക്കുന്ന അവരുടെ ആത്മാർത്ഥതയിലേക്ക് നോക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യജമാനരായ നബി(സ) യെ പിൻപറ്റിക്കൊണ്ട് എന്ത് മാതൃകയാണ് സ്ഥാപിച്ചത്?

ഒരിക്കൽ തന്നെ കാണാൻ വന്ന സയ്യിദ് ഹബീബുല്ലാ സാഹിബിനോട് പറഞ്ഞു. "ഇന്ന് എന്റെ ആരോഗ്യം വളരെ മോശമായിരുന്നു. എനിക്ക് പുറത്തിറങ്ങാൻ സാധിക്കുമായിരുന്നില്ല. എന്നാൽ, താങ്കൾ വന്നിരിക്കുന്നുവെന്നറിഞ്ഞപ്പോൾ അതിഥിക്ക് എന്നിൽ അവകാശമുണ്ടല്ലോ എന്ന് ഞാൻ ചിന്തിച്ചു. അതുകൊണ്ട് ഈ അവകാശം നിറവേറ്റാൻ വേണ്ടിമാത്രമാണ് ഞാൻ ബുദ്ധിമുട്ടി പുറത്തുവന്നത്."

ആ മഹാത്മാവ് തന്റെ ആരോഗ്യത്തെ നോക്കിയില്ല. നബി(സ) പറഞ്ഞ, അതിഥിക്ക് നിന്നിൽ അവകാശമുണ്ടെന്ന ഉപദേശത്തിനാണ് മുൻഗണന നൽകിയത്. അത് നിറവേറ്റാൻ വേണ്ടിമാത്രം അദ്ദേഹം വെളിയിൽ വന്നു.

ആസാമിലെ മണിപ്പൂരിൽനിന്ന് ഖാദിയാനിൽ വന്ന രണ്ടുപേരുടെ സംഭവം നാം പലപ്പോഴും കേട്ടിട്ടുള്ളതാണ്. അതിഥി മന്ദിരത്തിലെ ജോലിക്കാരോട് കുതിരവണ്ടിയിൽവന്ന അവർ തങ്ങളുടെ സാധനങ്ങൾ ഇറക്കിവെക്കാൻ പറഞ്ഞു. കട്ടിൽ വിരിച്ചുകൊടുക്കാനും പറഞ്ഞു. എന്നാൽ, ലങ്കർഖാനയിലെ ജോലിക്കാർ, കട്ടിലൊക്കെ കിട്ടും, പക്ഷേ സാധനങ്ങൾ സ്വയം ഇറക്കിക്കൊള്ളാൻ അവരോട് പറഞ്ഞു. ഇതുകേട്ടപ്പോൾ അവർ വെറുപ്പു പ്രകടിപ്പിച്ചുകൊണ്ട് അതേ കുതിരവണ്ടിയിൽത്തന്നെ തിരിച്ചുപോയി. ഹദ്റത്ത് മുൻശി സഫ്ർ അഹ്മദ് സാഹിബ്(റ) പറയുന്നു, ഞാനിക്കാര്യം മൗലവി അബ്ദുൽ കരീം സാഹിബിനോട് പറഞ്ഞപ്പോൾ, അവർ പൊയ്ക്കൊള്ളട്ടെ, അത്തരത്തിലുള്ള ക്ഷിപ്രകാരികളെ പിടിച്ചു നിറുത്തേണ്ട കാര്യമെന്തെന്ന് ചോദിച്ചു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സംഭവമറിഞ്ഞപ്പോൾ ചെരിപ്പിടുന്നതുപോലും പ്രയാസകരമായത്ര വേഗത്തിൽ അവരുടെ പിന്നാലെ പോയി. കുറച്ച് ഖാദിമുകളും മസീഹ് മൗഊദ്(അ)നോടൊപ്പമുണ്ടായിരുന്നു. ഞാനും അക്കൂട്ടത്തിലുണ്ടായിരുന്നുവെന്ന് മുൻശി സഫ്ർ അഹ്മദ് സാഹിബ്(റ) പറയുന്നു. പുഴയുടെ അടുത്തെത്തിയപ്പോഴാണ് അവരുടെ കുതിരവണ്ടി ഞങ്ങൾ കണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അവരുടെ അടുത്തേക്ക് ചെല്ലുന്നത് അവർ കണ്ടു. അവർ കുതിരവണ്ടിയിൽനിന്നിറങ്ങി. തിരിച്ച് ഖാദിയാനിലേക്ക് വരണമെന്ന് മസീഹ് മൗഊദ്(അ) അവരോട് നിർബന്ധിച്ചു. നിങ്ങൾക്കൊരുപാട് ബുദ്ധിമുട്ടുണ്ടായി എന്നു പറഞ്ഞ് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങനെ അവർ തിരിച്ച് ഖാദിയാനിലെത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ കിടക്കയും മറ്റും ഇറക്കിവെക്കുന്നതിനായി മുന്നോട്ടാഞ്ഞപ്പോൾ ഖാദിമുകൾ പെട്ടെന്ന് അവരുടെ സാധനങ്ങളെല്ലാമെടുത്ത് താഴെവച്ചു. താമസിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. അവർക്കായി രണ്ട് കട്ടിൽ കൊണ്ടുവരാൻ മസീഹ് മൗഊദ്(അ) പറഞ്ഞു. അതിലവർക്ക് കിടക്ക വിരിച്ചുകൊടുത്തു. എന്താണ് കഴിക്കുന്നതെന്ന് ചോദിച്ചു. അവരുടെ മുഖ്യഭക്ഷണം ചോറായിരുന്നു. അതിനുള്ള ഏർപ്പാടുകൾ ചെയ്തു. അത് തയ്യാറായി വരുന്നതുവരെ അവരുടെയടുത്തു തന്നെയിരുന്നു.

അവർ അവിടെയുണ്ടായിരുന്ന ദിവസങ്ങളിലെല്ലാം ഹദ്റത്ത് അഹ്മദ്(അ) നിത്യവും ഒരുമണിക്കൂർ അവരുടെയടുക്കൽ പോയിരിക്കുമായിരുന്നു. അവിടെ ചെറിയ മജ്ലിസും സംഘടിപ്പിച്ചിരുന്നു. അതിൽ ഹുസൂറിന്റെ ഉപദേശങ്ങളുമുണ്ടായിരുന്നു. അവർ തിരിച്ചുപോകുന്ന ദിവസം രാവിലേയും മസീഹ് മൗഊദ്(അ) രണ്ട് ഗ്ലാസ് പാൽ വാങ്ങി അവരെ കുടിപ്പിച്ചു. പിന്നീട് പുഴവരെ അവരെ അനുഗമിക്കുകയും ചെയ്തു. അവരെ തിരിച്ചുകൊണ്ടുവ

ന്നതോടെ തന്റെ കടമ നിറവേറ്റിയെന്നു കരുതിയില്ല. മറിച്ച്, എത്ര ദിവസം താമസിച്ചുവോ അവരുടെ ആവശ്യങ്ങൾ ചോദിച്ചറിയുകയും ഓരോ ദിവസവും ഒരു മണിക്കൂർ നേരം അവരുടെയടുത്ത് കഴിച്ചുകൂട്ടുകയും അവരെ സന്തോഷിപ്പിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുകയും ചെയ്തു. ഇതായിരുന്നു മസീഹ് മൗഊദ്(അ)ന്റെ സൽക്കാരരീതി.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) പറയുന്നു. 1901-ൽ ഞാൻ ഹിജ്റത്ത് ചെയ്ത് ഖാദിയാനിൽ വന്നപ്പോൾ എന്റെ ഭാര്യാമക്കളോടൊപ്പം താമസിക്കാൻ എനിക്ക് സൗകര്യം തന്നത് ഹുസൂറിന്റെ(അ) വീട്ടിന്റെ മുകൾഭാഗത്തായിരുന്നു. ഒരു സംഭവം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു. മസീഹ് മൗഊദ്(അ)ന്റെ വീട്ടിന് വളരെ അടുത്തായിരുന്നു അദ്ദേഹം താമസിച്ചിരുന്ന മുറി. അവിടുത്തെ ശബ്ദം ആ മുറിയിൽ കേൾക്കുമായിരുന്നു. അദ്ദേഹം പറയുന്നു. ഒരിക്കൽ ഒരുപാട് അതിഥികൾ വന്നു. വീടുകളെല്ലാം അതിഥികളെക്കൊണ്ട് നിറഞ്ഞുകഴിഞ്ഞിരുന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിഥികളെ ആദരിക്കേണ്ടതെങ്ങനെ എന്നതിനെക്കുറിച്ച് തന്റെ ഭാര്യയെ, പക്ഷികളുടെ ഒരു സംഭവം പറഞ്ഞു കേൾപ്പിച്ചു. അതെനിക്ക് നല്ലവണ്ണം കേൾക്കാമായിരുന്നു. ഒരിക്കൽ ഒരു യാത്രക്കാരൻ വനത്തിൽപ്പെട്ടു. ഇരുട്ടുള്ള രാത്രിയായിരുന്നു അത്. അടുത്ത് ജനവാസമുള്ള ഒരു സ്ഥലവും അയാൾ കണ്ടില്ല. ആ പാവം രാത്രി കഴിച്ചുകൂട്ടാൻ ഒരു മരത്തിന്റെ കീഴെയിരുന്നു. ആ മരച്ചില്ലയിൽ ഒരു പക്ഷിക്കൂടുണ്ടായിരുന്നു. പക്ഷി ഇണപ്പക്ഷിയോട് സംസാരിക്കാൻ തുടങ്ങി. നോക്കൂ, നമ്മുടെ കൂടിന്റെ കീഴെ ഒരു യാത്രക്കാരൻ ഇരിപ്പുണ്ട്. ഇദ്ദേഹം ഇന്നുരാത്രി നമ്മുടെ അതിഥിയാണ്. അദ്ദേഹത്തെ സൽക്കരിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ഇണപ്പക്ഷിയും അഭിപ്രായത്തോട് യോജിച്ചു. രണ്ടുപേരും ചേർന്ന് ആലോചിച്ചു. തണുപ്പുള്ള രാത്രിയാണ്. നമ്മുടെ അതിഥിക്ക് ചൂടുപകരാൻ എങ്ങനെയാണ് നമുക്ക് സാധിക്കുക. കൂട് പൊളിച്ച് താഴേയ്ക്കിടാമെന്നും അത് കത്തിച്ച് അയാൾ ചൂട് കാഞ്ഞുകൊള്ളുമെന്നും അവർ തീരുമാനിച്ചു. അവർ അങ്ങനെ ചെയ്തു. യാത്രക്കാരൻ അതെല്ലാമെടുത്ത് കത്തിച്ചു തീ കായാൻ തുടങ്ങി. പിന്നീട് ആ പക്ഷികൾ ഇനിയെന്താണ് നമ്മുടെ അതിഥിക്കുവേണ്ടി ചെയ്യാൻ കഴിയുക എന്നാലോചിച്ചു. അദ്ദേഹത്തിന് വിശപ്പകറ്റാൻ ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്യണം. തങ്ങളുടെ കൈയിൽ അതിനൊന്നുമില്ല. അവസാനം സ്വയം ആ തീയിൽ ചാടാമെന്നും അപ്പോൾ തങ്ങളുടെ അതിഥി തങ്ങളെ ചുട്ടുതിന്നുകൊള്ളുമെന്നും കരുതി ആ പക്ഷികൾ തീയിലേക്ക് ചാടി. അതിഥി അവയെ ചുട്ടുതിന്നുകയും ചെയ്തു." ഈ കഥ ഹദ്റത്ത് മസീഹ് മൗഊദ്(അ) അമ്മാജാനെ(റ) കേൾപ്പിച്ചുകൊണ്ടു പറഞ്ഞു. 'ത്യാഗത്തിന്റെ ഈ നിലയാണ് അതിഥിസൽക്കാരത്തിന്നുണ്ടാകേണ്ടത്.' ഈ കഥയിൽ പറഞ്ഞതിന്റെ ഉദ്ദേശ്യം ത്യാഗം ചെയ്യണമെന്നാണ്. അല്ലാതെ മനുഷ്യൻ തീയിൽ ചാടണമെന്നല്ല.

അതിനാൽ ഓരോ ഉദ്യോഗസ്ഥനും ഈ ചിന്താഗതിയോടെ ഓരോ ആതിഥേയനും തങ്ങളുടെ അതിഥിസൽക്കാര കർത്തവ്യം നിർവ്വഹിക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടതാണ്. അവരുടെ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കേണ്ടതാണ്. അവരോട് നല്ല സ്വഭാവം കാണിക്കേണ്ടതാണ്. ഇതിന്നിടയിൽ വരുന്ന ബുദ്ധിമുട്ടുകളൊന്നും ശ്രദ്ധിക്കരുത്. കാരണം കർത്തവ്യം നിറവേറ്റാൻ എന്തായാലും ബുദ്ധിമുട്ട് സഹിക്കേണ്ടിവരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ലങ്കർഖാനയിലെ ഇൻ ചാർജ്ജിനെ വിളിച്ചുകൊണ്ട് പറഞ്ഞു: അതിഥികൾ ധാരാളമെത്തിയിട്ടുണ്ട്. ഇവരിൽ ചിലരെ താങ്കൾക്കറിയാം. ചിലരെ താങ്കൾക്കറിയുകയില്ല. അതുകൊണ്ട് എല്ലാവരേയും ആദരിക്കണം എന്ന വിചാരത്തോടെ സൽക്കരിക്കുന്നതായിരിക്കും ഉത്തമം. അതിഥികളെയെല്ലാം ഒരേ നിലയിൽ കണ്ടുകൊണ്ട് ഓരോരുത്തരേയും ആദരിക്കുകയും സൽക്കരിക്കുകയും ചെയ്യുക. തണുപ്പുകാലമാണെങ്കിൽ ചായ കുടിപ്പിക്കുക. ആർക്കും വിഷമമുണ്ടാകരുത്. പറഞ്ഞു: 'അതിഥികളെ നല്ലവണ്ണം നോക്കുന്നതുകൊണ്ട് താങ്കളെക്കുറിച്ച് എനിക്ക് നല്ല ധാരണയാണുള്ളത്.'

ഇപ്പോൾ ജമാഅത്ത് ഒരുപാട് വളർന്നുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഭാരവാഹികളും ഉദ്യോഗസ്ഥന്മാരും സദുദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവരെയെല്ലാവരേയും നല്ലവണ്ണം സേവിക്കുക. ഏതെങ്കിലും വീട്ടിൽ തണുപ്പ് കൂടുതൽ അനുഭവപ്പെടുന്നുവെങ്കിൽ തീ കായാനുള്ള വിറകോ കരിയോ സംഘടിപ്പിച്ചുകൊടുക്കുക. ഞാൻ ആദ്യം പറഞ്ഞതുപോലെ പണക്കാരൻ ആരാണ്, പാവപ്പെട്ടവൻ ആരാണ്, ആരാണ് നല്ല വസ്ത്രം ധരിച്ചിട്ടുള്ളത്, അഴുക്കുപുരണ്ട വസ്ത്രം ധരിച്ചത് ആരാണ് എന്നൊന്നും നോക്കാതെ അതിഥികളെ സൽക്കരിക്കേണ്ടത് നമ്മുടെ നിർബന്ധ കടമയാണ്.

ഹദ്റത്ത് മുഹമ്മദ്(സ)ന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ചില സംഭവങ്ങളാണ് ഞാൻ പറഞ്ഞത്. ഇത് പറഞ്ഞതിന്റെ ഉദ്ദേശ്യം ആ മാതൃക നാം എപ്പോഴും ജീവസ്സുറ്റതാക്കി നിർത്തുന്നതിനുവേണ്ടി പരിശ്രമിക്കുക എന്നതാണ്. ജൽസയുടെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കുന്നവരാകാൻ അല്ലാഹു വീണ്ടും നമുക്ക് അവസരം നല്കിയിരിക്കുകയാണ്. അതിഥികളെ സൽക്കരിക്കാനും അങ്ങനെ അല്ലാഹു

നിശ്ചയിച്ചിട്ടുള്ള പ്രതിഫലം കരസ്ഥമാക്കാനും സന്ദർഭം ലഭിക്കുകയാണ്. അതിനാൽ എല്ലാ ഉദ്യോഗസ്ഥന്മാരും നന്ദിവികാരത്തോടെയും പൂർണ്ണ ആത്മാർത്ഥതയോടെയും അതിഥികളെ സൽക്കരിക്കുവാൻ എപ്പോഴും തയ്യാറായിരിക്കുക.

പല പ്രവർത്തനവിഭാഗങ്ങളുമുണ്ട്. ഓരോ വിഭാഗത്തിനും ഉദ്യോഗസ്ഥന്മാരേയും നിയമിച്ചിട്ടുണ്ട്. താമസസൗകര്യമേർപ്പാടാക്കുക, യാത്രാസൗകര്യം ചെയ്യുക, വെള്ളം വിതരണം ചെയ്യുക, ഭക്ഷണം, വൃത്തി തുടങ്ങി ഒരുപാട് വിഭാഗങ്ങളുണ്ട്. ഓരോരുത്തർക്കും അവരവരുടേതായ ചുമതലകളുണ്ട്. ചുമതലകൾ വഹിക്കുന്ന ഓരോരുത്തരും അതിഥികളുമായി ബന്ധപ്പെടേണ്ടിവരുന്നവരാണ്. അതിനാൽ എപ്പോഴും ഉൽക്കൃഷ്ടസ്വഭാവത്തോടെ അവരോട് പെരുമാറേണ്ടതാണ്. അവർ പറയുന്നത് കേൾക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. തെറ്റുധാരണ  കാരണത്താൽ അതിഥികളിൽനിന്ന് കൈയേറ്റവും ഉണ്ടാകാറുണ്ട്. എന്നാലും ഉദ്യോഗസ്ഥന്മാർ അത് ക്ഷമിക്കേണ്ടതാണ്. ചിലപ്പോൾ ചില സൗകര്യങ്ങളൊന്നും ഇല്ലാത്ത നാടുകളിൽനിന്ന് അതിഥികൾ വരും. അല്ലെങ്കിൽ വിവിധ രീതികളിൽ ജീവിക്കുന്നവരും വന്നെത്തും. ചില കാര്യങ്ങൾ അവർ ശ്രദ്ധിച്ചുകൊള്ളണമെന്നില്ല. അത് മനഃപൂർവ്വമായിരിക്കുകയില്ല. ചില സാധനകൾ ഉപയോഗിക്കേണ്ടതെങ്ങനെയെന്നും വൃത്തിയോടെ സൂക്ഷിക്കേണ്ടതെങ്ങനെയെന്നും അവർക്കറിയില്ല. ഉദാഹരണത്തിന് ടോയ്‌ലറ്റ് തുടങ്ങിയവയുടെ വൃത്തി. 'അതിഥികൾ വന്നു എല്ലാം വൃത്തിക്കേടാക്കിപ്പോയി' എന്നു പറയുന്നതിനു പകരം അത് സ്വയം വൃത്തിയാക്കുകയാണ് വേണ്ടത്. നബി (സ)ന്റെ മാതൃക നമ്മുടെ മുമ്പിലുണ്ട്. ഒരമുസ്‌ലിം വന്നതും കിടക്ക വൃത്തിക്കേടാക്കി പോയതും നബി (സ) സ്വന്തം കൈകൊണ്ട് അത് കഴുകി വൃത്തിയാക്കിയതുമൊക്കെ അയാൾ ഒരതിഥിയായ ഒറ്റക്കാരണത്താലാണ്. ഈ മാതൃകയനുസരിച്ച് നാം പ്രവൃത്തിക്കണം. ക്ഷമയോടും സഹിഷ്ണുതയോടും നല്ല സ്വഭാവത്തോടുംകൂടി ഓരോരുത്തരോടും പെരുമാറുക. നെറ്റി ചുളിക്കാതെ കടമകൾ നിറവേറ്റുക. ഓരോ ഉദ്യോഗസ്ഥനും വേണ്ട പ്രധാന കാര്യം ക്ഷമയും സഹിഷ്ണുതയും ഉത്ക്കൃഷ്ടസ്വഭാവവുമാണ്. അതെല്ലാം പ്രത്യേകം ശ്രദ്ധിക്കണം.

ഏറ്റവും പ്രധാനപ്പെട്ട കാര്യം പ്രാർത്ഥനയാണ്. അതിലേക്ക് നമ്മുടെ ശ്രദ്ധയുണ്ടാകണം. പ്രാർത്ഥന കൂടാതെ നിങ്ങളുടെ ഒരു പണിയും നടക്കുകയില്ല. ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ജോലിക്കിടയിൽ നമസ്കാരത്തിലേക്കും ശ്രദ്ധിക്കണം. അല്ലാഹു നല്ലനിലയിൽ പ്രവർത്തിക്കാൻ എല്ലാ ഉദ്യോഗസ്ഥന്മാർക്കും തൗഫീഖ് നല്കുമാറാകട്ടെ. ഒരുതരത്തിലുള്ള നീരസവും ഉണ്ടാകാതിരിക്കട്ടെ. അതിഥികൾ നിങ്ങളിലും നിങ്ങൾ അതിഥികളിലും തൃപ്തരായിരിക്കട്ടെ.

മഴ കാരണത്താൽ ചില ആശങ്കയുണ്ട്. ചില കാര്യങ്ങളിൽ അതുകൊണ്ട് പ്രയാസങ്ങളുണ്ടാകും. അതിനാൽ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. മഴ നമ്മുടെ ഒരു പ്രവൃത്തിയിലും തടസ്സമാകാതിരിക്കട്ടെ. ഇന്ന് 20, 25 മിനുട്ട് താമസിച്ചിട്ടാണ് എനിക്ക് വരാൻ കഴിഞ്ഞത്. ഞാൻ മഴ കാരണത്താൽ സാധാരണ ഇറങ്ങുന്നതിനേക്കാൾ അഞ്ചാറുമിനുട്ട് മുമ്പേ പുറപ്പെട്ടിരുന്നു. റോഡ് ബ്ലോക്കായി. പല സ്ഥലത്തും വെള്ളം കെട്ടിക്കിടക്കുന്നു. ട്രാഫിക് ജാമായി. അതുകൊണ്ട് ഇവിടെയെത്താൻ താമസം നേരിട്ടു. ഇത്തരം തടസ്സങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. 'ഹദീഖത്തുൽ മഹ്ദി'യിൽ ഇളകിയ മണ്ണാണുള്ളത്. അവിടെ പല ബുദ്ധിമുട്ടുകളും മഴ വന്നാൽ ഉണ്ടാകും. പല വിഭാഗക്കാർക്കും അവരുടെ ചുമതലകൾ നിറവേറ്റാൻ പ്രയാസമാകും. അതുകൊണ്ട് ദുആ ചെയ്യുക. അല്ലാഹു എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തിത്തരുമാറാകട്ടെ. എല്ലാ തടസ്സങ്ങളും അകറ്റുമാറാകട്ടെ. അതിഥികൾക്ക് ഒരുതരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കട്ടെ.

മറ്റൊരു ദുആയ്ക്കുവേണ്ടി പറയാനാഗ്രഹിക്കുകയാണ്. പാക്കിസ്ഥാന്റെ അവസ്ഥ നിത്യവും വഷളായിക്കൊണ്ടിരിക്കുന്നുവെന്ന കാര്യം നമുക്കെല്ലാം അറിയാം. ഇതുവരെ നൂറുക്കണക്കിനാളുകൾ വധിക്കപ്പെട്ടു കഴിഞ്ഞു. മുസ്‌ലിം മുസ്‌ലിമിനെയാണ് കൊല്ലുന്നത്. മുസ്‌ലിം മുസ്‌ലിമിനെ കൊന്നാൽ അവൻ മുസ്‌ലിമല്ലെന്ന് ഹദീസിൽ വന്നിട്ടുണ്ട്. അല്ലാഹു ഖുർആനിലും കൊലപാതകികൾക്ക് താക്കീത് നല്കിയിരിക്കുന്നു. അവർക്ക് ശാപവും ശിക്ഷയും നരകവുമാണെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. രാജ്യത്തെ രക്ഷിക്കുമാറാകട്ടെ. കാരണം ഇങ്ങനെ ആഭ്യന്തര കലഹമുണ്ടാകുമ്പോൾ പുറമേയുള്ള ശത്രുക്കൾക്ക് അതിൽനിന്ന് ഫലമെടുക്കാൻ അവസരം കിട്ടുന്നു. അല്ലാഹു എല്ലാവരേയും രാജ്യത്തേയും കാത്തുസൂക്ഷിക്കുമാറാകട്ടെ. യാഥാർത്ഥ്യം മനസ്സിലാക്കാത്ത ഇവരിലും അവൻ കരുണ ചൊരിയുമാറാകട്ടെ. സ്വയം തങ്ങളുടെ നാശത്തിനുള്ള കരുക്കളാണ് അവർ നീക്കിക്കൊണ്ടിരിക്കുന്നത്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 20.7.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala